പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) പ്രസ്തുത കാലഘട്ടത്തിൽ 153 റോഡുകളുടെ പണി ആരംഭിച്ചു.

(ബി) അതിൽ ഇതുവരെയായി 119 റോഡുകളുടെ പണി പൂർത്തിയായിട്ടുണ്ടു്.

(സി) ഈ കാര്യം ഡിപ്പാർട്ടുമെൻറു് ശ്രദ്ധിക്കുന്നുണ്ടു്.

(ഡി) 15-12-1954-ൽ.

(ഈ) പ്രസ്തുത റോഡിൻെറ പണി പൂർത്തിയാക്കിക്കഴിഞ്ഞു.

മി. സ്പീക്കർ : ചോദ്യം 16-ൻെറ ഉത്തരംകൂടി പറയേണ്ടതാണു്.

റോഡുകളുടെ പണി

* 537. [16] ശ്രീ. വയലാ ഇടിക്കുള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-64-ൽ (1964 ജനുവരി അവസാനം വരെ) കേരള സംസ്ഥാനത്തു് എത്ര മൈൽ റോഡു് ഗവണ്മെൻറു് പുതുതായി എടുത്തു് വേല നടത്തിയിട്ടുണ്ടു് ; എവിടെയെല്ലാം എന്ന ഒരു ലിസ്റ്റു് മേശപ്പുറത്തു വയ്ക്കാൻ ദയവുണ്ടാകുമോ ;

(ബി) പ്രസ്തുത ജോലികൾക്കു് എത്രലക്ഷം രൂപ ചെലവായി ;

(സി) റാന്നി വൈക്കം-വടശേരിക്കര റോഡു് ഈ വർഷമെങ്കിലും മെറ്റലിട്ടു ഗതാഗതയോഗ്യമാക്കുന്നതിനു് ദയവുണ്ടാകുമോ ;

(ഡി) റാന്നി ഒഴവൻപാറ-പേമരുതി ട്ടി-അത്തിക്കയം റോഡിൻെറ പണി ഗവണ്മെൻറിൽ നിന്നും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ഈ) റാന്നി മന്ദമരുതി-നാറാണംമൂഴി റോഡു് ഗവണ്മെൻറിൽനിന്നും ഏറ്റെടുത്തു് പണി പൂർത്തിയാക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) ;

(എ) 1963-64-ൽ (1964ജനുവരി അവസാനംവരെ) പുതുതായി ആരംഭിച്ച റോഡുപണികളുടെ നീളം 8 മൈൽ 4 ഫർലോങ്ങു് 250 അടിയാണു് അവയുടെ ഒരു† ലിസ്റ്റു മേശപ്പുറത്തുവച്ചിട്ടുണ്ടു്.

(ബി) പ്രസ്തുതജോലികൾക്കു് 1964 ജനുവരി അവസാനം വരെ 1,11,727 ഉറുപ്പിക ചെലവായി.

(സി) ധനദൗർലഭ്യം കാരണം ഇപ്പോൾ നടത്തുവാൻ നിവൃത്തിയില്ല.

(ഡി) ഈ ജോലി ധനദൗർലഭ്യം കാരണം മാറ്റി വച്ചിരിക്കുകയാണു്.

(ഈ) ധനദൗർലഭ്യം കാരണം ഈ ജോലി ഇപ്പോൾ നടത്തുവാൻ നിവൃത്തിയില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ ; കിളിമാനൂർ-അടയമൺ-ചിങ്ങോലി റോഡിൻെറ വളവുകൾ തീർത്തു് മെറ്റൽ ചെയ്യുന്ന കാര്യം ആലോചിക്കുമോ ?

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ : ഇപ്പോൾ റോഡിന്റെ പണി ഏകദേശം പൂർത്തിയായി കഴിഞ്ഞു. ഒരു ഉടമ സ്ഥലം വിട്ടുതരാത്തതുകൊണ്ടാണ് റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം വന്നത്. ആ സ്ഥലം ഇനിയും ഡിപ്പാർട്ടുമെന്റിനു വിട്ടുകിട്ടിയിട്ടില്ല. മെറ്റൽ ചെയ്യുന്ന കാര്യം ആലോചിക്കുന്നതാണ്.

ശ്രീ. പി. ഗോപാലൻ : തീരെ ഗതാഗതസൗകര്യമില്ലാത്തതും, ബാഹ്യ ലോകവുമായി ബന്ധമില്ലാത്തതും ആയ മാഹിറോഡിന്റെ പണി, നാലുകൊല്ല മായി തുടർച്ചയായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടും ഇതുവരെ ആരംഭിച്ചിട്ടി ല്ലെന്നുള്ളതിനെ മുൻനിറുത്തി ആ പണി ആരംഭിക്കാനെങ്കിലും മുതിരുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : കുറെയധികം ജോലികളും ധനദൗർലഭ്യം കാരണം മാറ്റിവയ്ക്കേണ്ടതായി വന്നിട്ടുണ്ട്. എല്ലാ വർക്കുകളും ഏറ്റെടുക്കാൻ സാധിക്കാത്ത അവസ്ഥയാണ് ഇന്നുള്ളതു്. അത്യാവശ്യമായിട്ടുള്ള വർക്കുകൾ ഏതൊക്കെയാണെന്നു് ഗവണ്മെന്റു് പരിശോധിക്കാം.

ശ്രീ. എൻ. ഭാസ്കരൻ നായർ : വളരെ പ്രധാനമായ ചില പഞ്ചായത്തു റോഡുകൾ ഗവണ്മെന്റിലേക്കു് വിട്ടുതരുന്നതിനു് പഞ്ചായത്തിൽ റസല്യൂഷൻ പാസ്സാക്കിയതിനുശേഷം വളരെ നാളായിട്ടും ഗവണ്മെന്റു് അതേറ്റെടുത്തു് മെയിന്റയിൽ ചെയ്യാതിരിക്കുന്നതിനു കാരണമെന്താണു് ; അങ്ങനെയുള്ള റോഡുകളുടെയെങ്കിലും പണി വേഗത്തിൽ പൂർത്തിയാക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : മിക്കവാറും എല്ലാ പഞ്ചായത്തുകളും അവരുടെ റോഡുകൾ ഗവണ്മെന്റു് ഏറ്റെടുക്കണമെന്നു് റസല്യൂഷൻ പാസ്സാക്കി യിട്ടുണ്ട്. എല്ലാ റോഡുകളും ഗവണ്മെന്റു് ഏറ്റെടുക്കുന്ന കാര്യം പ്രയാസമുള്ള തന്നാണു്. ഏതായാലും തദ്ദേശ പ്രാധാന്യത്തിൽകവിഞ്ഞ പ്രാധാന്യമുള്ള പഞ്ചായത്തുറോഡുകൾ ഗവണ്മെന്റു് ഏറ്റെടുക്കുന്ന കാര്യം പരിഗണനയി ലുണ്ട്. അങ്ങനെയുള്ള റോഡുകൾ പുതുതായി ക്ലാസിഫിക്കേഷൻ നടത്തി നിശ്ചയിച്ചതിനുശേഷം ഇത്തരം റോഡുകൾമാത്രം ഗവണ്മെന്റു് ഏറ്റെടുക്കുക എന്ന നയമാണു് സ്വീകരിച്ചിരിക്കുന്നതു്.

ശ്രീ. എം. സി. ഏബ്രഹാം : 1958–59–ൽ ആരംഭിച്ച മൂവാറ്റുപുഴ–കുറുപ്പന്തറ റോഡിന്റെ പണിക്കു് സാംഗ്ഷൻ കിട്ടാത്തതുകൊണ്ടു് പണി ഇതുവരെയും പൂർത്തിയായിട്ടില്ലെന്ന വസ്തുത ഗവണ്മെന്റു ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ; കഴിയുന്നതും വേഗം സാംഗ്ഷൻ കൊടുക്കാൻ വേണ്ട ഏർപ്പാട് ചെയ്യുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പ്രത്യേകം ചോദ്യമായിട്ട് ചോദിച്ചാലേ പറയാറു. നിവൃത്തിയുള്ളൂ.

ശ്രീ. ഇ. പി. ഗോപാലൻ : ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള റോഡു കളുടെ പണി നിറുത്തിവയ്ക്കുകയും, ബഡ്ജറ്റിൽ വകയിരുത്താത്ത റോഡു കളുടെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തതായ വല്ല സന്ദർഭവും ഉണ്ടോ ; ഉണ്ടെങ്കിൽ എന്താണു് കാരണം ; ഒരു റോഡിനു് നാമമാത്രമായിട്ടെങ്കിലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതുതന്നെ ഒരു പുണ്യമായി കരുതുന്ന ഈ സംസ്ഥാനത്തു് ഇങ്ങനെ ബഡ്ജറ്റിൽ വകയിരുത്തിയ റോഡുകളുടെ പണി വേഗത്തിൽ ആരംഭിക്കുന്നതിനും മുൻഗണനാക്രമത്തിൽ പൂർത്തിയാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ എടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: ബഡ്ജറ്റിൽപ്പെടുത്തിയിട്ടുള്ള വർക്കുകൾക്കു് തന്നെയാണു് മുൻഗണന കൊടുക്കുന്നതു്. എന്നാൽ അത്യാവശ്യമായി പെട്ടെന്നു ചെയ്തുതീർക്കേണ്ടതായ ചില പണികൾ വന്നേക്കാം. ഇപ്പോൾതന്നെ എറണാകുളം ഭാഗത്തു് ഓയിൽ റിഫൈനറിയുടെ ആവശ്യത്തിനുവേണ്ടി ചില വർക്കുകൾ നടത്തേണ്ടതായി വന്നു. അതൊന്നും ബഡ്ജറ്റിൽപ്പെടുത്തിയിട്ടുള്ള തല്ല. പെട്ടെന്നു് കേടുവന്ന ഒരു പാലം പുനർനിർമ്മാണം നടത്തേണ്ട

LIBRARY ARCHIVES Kerala Legislative Assembly

തായി വരും. ബഡ്ഡറിൽ ഉൾക്കൊള്ളിക്കാൻ സാധിച്ചിട്ടില്ലാത്ത ഇങ്ങനെയുള്ള വർക്കുകൾമാത്രമാണു് നടത്തുന്നതു്. വളരെ അത്യാവശ്യമായിട്ടു് ചെയ്തു തീർക്കേണ്ടതായ കാര്യങ്ങൾ നടത്തുന്നതിനാണു് ബഡ്ഡറിൽ ലംപ്സം പ്രൊവിഷൻ കൊള്ളിച്ചിട്ടുള്ളതു്. പൊതുവിൽ ബഡ്ഡറിൽ കൊള്ളിച്ചിട്ടുള്ള വർക്കുകൾക്കു തന്നെയാണു് മുൻഗണന കൊടുക്കുന്നതു്.

ശ്രീ. സി. എം. കുട്ടി : അഡ്മിനിസ്ട്രേറ്റീവു് സാങ്ഷൻ ലഭിക്കാത്ത പല റോഡുകളുടെയും പ്രവൃത്തി മലബാറിൽ തുടങ്ങുകയുണ്ടായി. ഇത്തരത്തിലുള്ള റോഡുകൾ പൂർത്തിയാകാതെ കിടക്കുകയാണു്. ഇക്കാര്യത്തിൽ എന്തു നിലപാടാണു് ഗവണ്മെൻറു് എടുക്കാൻ ഉദ്ദേശിക്കുന്നതു് ?

ശ്രീ. പി. പി. ഉമ്മർകോയ: അഡ്മിനിസ്ട്രേറ്റീവു് സാങ്ഷൻ ഇല്ലാതെ ഇത്തരം വർക്കുകൾ ചെയ്യുന്നതു് ഇറ്റ്ഗുലറായിരുന്നു. പക്ഷേ വർക്കുകൾ ചെയ്തിടത്തോളം സാങ്ഷൻ നൽകിയിട്ടുണ്ടു്.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: മലബാർ ഡിസ്ട്രിക്റ്റു് ബോർഡിന്റെ കീഴിലുള്ള ചില റോഡുകൾ റിപ്പയർ ചെയ്തിട്ടു് രണ്ടു കൊല്ലത്തോളമായി. ഇങ്ങനെ രണ്ടു കൊല്ലം മെയിൻറനൻസ് ചെയ്യാത്തതുകൊണ്ടു് പല വിഷമങ്ങളും ഉണ്ടാകുന്നു. അതുകൊണ്ടു് ഇതു് റിപ്പയർ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : മെയിൻറനൻസു് ചെലവു് ഓരോ കൊല്ലവും വളരെ വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. ഇതു കാരണമായി ഓരോ കൊല്ലവും വർദ്ധിച്ച തുക അനുവദിക്കേണ്ടതുണ്ടു്. അനുവദിക്കുന്ന തുക അപര്യാപ്തമായതുകൊണ്ടു് പുതുതായി ഏറ്റെടുത്തിട്ടുള്ള റോഡുകളൊക്കെ വേണ്ടതുപോലെ മെയിൻറനൻസു് നടത്താൻ പ്രയാസമുണ്ടാകുന്നുണ്ടു്. മലബാർ ഭാഗത്തെ ഗവണ്മെൻറു് ഏറ്റെടുത്ത ഡിസ്ട്രിക്റ്റു് ബോർഡു് റോഡുകളുടെ മെയിൻറനൻസു് കാര്യം ഗവണ്മെൻറു് പരിശോധിക്കുന്നതാണു്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: ഗ്രാമപ്രദേശങ്ങളിൽ ചില പഞ്ചായത്തുറോഡുകളുടെ പണി അടിയന്തിരാവസ്ഥയുടെ പേരിൽ നിറുത്തിവയ്ക്കുകയുണ്ടായിട്ടുണ്ടോ; പഞ്ചായത്തു് ആവശ്യപ്പെട്ടിട്ടും ഇങ്ങനെ നിറുത്തിവച്ചിട്ടുള്ള റോഡുകളുടെ പണി ഏറ്റെടുത്തു നടത്താൻ ഗവണ്മെൻറിനു് ഭയവുണ്ടാകുമോ?

ശ്രീ. പി. പി. ഉമ്മർകോയ: ഞാൻ നേരത്തെ പറഞ്ഞതുപോലെ കുറെ യൊക്കെ റോഡുവർക്കുകൾ ഗവണ്മെൻറിനു് മാറ്റിവയ്ക്കേണ്ടതായി വന്നിട്ടുണ്ടു്. പ്ലാൻ അലോട്ടുമെൻറു വളരെ കുറവായതുകൊണ്ടാണു് ഇങ്ങനെ മാറ്റിവയ്ക്കേണ്ടിവന്നതു്. ഏകദേശം നമ്മുടെ പ്ലാനിൽ 1418 റോഡുവർക്കുകൾ ഉൾക്കൊള്ളിച്ചിരുന്നു. അതിലിപ്പോൾ 879 റോഡുകളുടെ വർക്കു് നടന്നുകൊണ്ടിരിക്കുകയാണു്. 218 റോഡു വർക്കുകൾ പൂർത്തിയാക്കിക്കഴിഞ്ഞു. പക്ഷേ 321 വർക്കുകൾ മാറ്റിവയ്ക്കേണ്ടതായി വന്നിട്ടുണ്ടു്. ധനദൗർലഭ്യമാണു് ഇതിനു കാരണം. അതുകൊണ്ടു് ഏതെല്ലാം വർക്കുകൾ പുതുതായി ഏറ്റെടുക്കാൻ സാധിക്കുമെന്നു് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: കഴിഞ്ഞ ബഡ്ഡറു് സമ്മേളനത്തിൽ ആറ്റിങ്ങൽ-മണവാട്ടർ-വക്കല റോഡു് മെറ്റൽ ചെയ്യാമെന്നു് സമ്മതിച്ചിരുന്നതാണു്; എന്നാൽ അതു് ഇതുവരെ ചെയ്തിട്ടില്ല. ഇക്കൊല്ലമെങ്കിലും മെറ്റൽ ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: അതു പ്രത്യേകം ശ്രദ്ധയിൽപെടുത്തിയാൽ പരിശോധിക്കാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly